# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**


പി.ആർ.ഒ/36/63/2018 2018 മാർച്ച് 23

## പത്രക്കുറിപ്പ്

### യോഗാ പരിശീലനം: രാജ്യത്തിന് മാതൃക തീർത്ത കുന്നന്താനം പദ്ധതിയുടെ ശില്പി എം.ജി. ദിലീപിന് ആദരം

**യോഗാ സമഗ്ര മതനിരപേക്ഷ ജീവിതശൈലിയെന്ന് എം.ജി. വി.സി.**

മനസ്സിനും ശരീരത്തിനും സന്തുലിതാവസ്ഥ കൈവരുത്തുന്ന യോഗ ജാതിമത പ്രായഭേദമെന്യേ ആർക്കും അനുഷ്ഠിക്കാവുന്ന ജീവിതശൈലിയാണെന്ന് മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അഭിപ്രായപ്പെട്ടു. രാജ്യത്തിന് മാതൃക തീർത്ത കുന്നന്താനം പഞ്ചായത്തിലെ സൗജന്യ യോഗാ പരിശീലന പദ്ധതിയുടെ ശില്പിയും എം.ജി. പൂർവ്വവിദ്യാർത്ഥിയുമായ എം.ജി. ദിലീപിനെ അനുമോദിക്കാൻ ചേർന്ന യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര ആയുഷ് മന്ത്രാലയം 2018ൽ 500 പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന യോഗാ പരിശീലനത്തിന് മാതൃകയായി തെരഞ്ഞെടുത്തത് ദിലീപ് വിഭാവന ചെയ്ത കുന്നന്താനം പദ്ധതിയാണ്.

ആധുനിക ജീവിതശൈലി മൂലമുള്ള പുതിയ ആരോഗ്യപ്രശ്നങ്ങൾ സമൂഹത്തിൽ ഭീഷണികൾ ഉയർത്തുന്ന സാഹചര്യത്തിൽ യോഗ, നാച്ചുറോപ്പതി തുടങ്ങിയ ബദൽ ജീവിത രീതികൾ ഗുണപരമായ മാറ്റങ്ങൾക്കുതകുമെന്ന് അദ്ദേഹം പറഞ്ഞു. പഞ്ചായത്തിലെ 7400 കുടുംബങ്ങളിലെ വിവിധ പ്രായത്തിലുള്ള പതിനാലായിരം ആളുകൾക്ക് യോഗ പരിശീലനം നൽകുന്ന പദ്ധതി ഒരു വെല്ലുവിളിയായാണ് ഏറ്റെടുത്തതെന്ന് സർവ്വകലാശാലാ ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ വകുപ്പിൽ നിന്നും യോഗ കോഴ്സ് പൂർത്തിയാക്കിയ ദിലീപ് പറഞ്ഞു. അന്യ സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെ വിവിധ തുറകളിലുള്ളവർക്കായി ഒരു വർഷം മുൻപ് ആരംഭിച്ച സൗജന്യ യോഗ പരിശീലന പരിപാടി രാവിലെ 4.30 മുതൽ 8 വരെയും വൈകീട്ട് 6.30 മുതൽ 8.30 വരെയും വിവിധ ബാച്ചുകളിലായി ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. 3000 ചതുരശ്രയടി വിസ്തീർണ്ണമുള്ള ഒരു യോഗാ സെന്ററിന് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയതായും അദ്ദേഹം അറിയിച്ചു. മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ ഡോ. എം.ആർ. ഗോപാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. വകുപ്പദ്ധ്യക്ഷ കെ.എ. മഞ്ജുഷ, പി.ആർ. ജയകുമാർ, യോഗാ പൂർവ്വവിദ്യാർത്ഥി സംഘടനാ പ്രസിഡന്റ് ജി. ശ്രീകുമാർ, ഫാരിജ മുഹമ്മദ് എന്നിവർ സംസാരിച്ചു.

**അടിക്കുറിപ്പ്**

**(1) കേന്ദ്ര ആയുഷ് മന്ത്രാലയം നടപ്പാക്കുന്ന യോഗാ പരിശീലന പദ്ധതിയ്ക്ക് മാതൃകയായി കണ്ടെത്തിയ കുന്നന്താനം പദ്ധതിക്ക് നേതൃത്വം നൽകിയ പൂർവ്വവിദ്യാർത്ഥി എം.ജി. ദിലീപിനെ അനുമോദിക്കാൻ ചേർന്ന യോഗം മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു**

**(2) കേന്ദ്ര ആയുഷ് മന്ത്രാലയം നടപ്പാക്കുന്ന യോഗാ പരിശീലന പദ്ധതിയ്ക്ക് മാതൃകയായി കണ്ടെത്തിയ കുന്നന്താനം പദ്ധതിക്ക് നേതൃത്വം നൽകിയ പൂർവ്വവിദ്യാർത്ഥി എം.ജി. ദിലീപിനെ മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ആദരിക്കുന്നു. വകുപ്പദ്ധ്യക്ഷ കെ.എ. മഞ്ജുഷ, ഡോ. എം.ആർ. ഗോപാലകൃഷ്ണൻ, യോഗാ പൂർവ്വവിദ്യാർത്ഥി സംഘടനാ പ്രസിഡന്റ് ജി. ശ്രീകുമാർ, പി.ആർ. ജയകുമാർ എന്നിവർ സമീപം**

**(3) കേന്ദ്ര ആയുഷ് മന്ത്രാലയം നടപ്പാക്കുന്ന യോഗാ പരിശീലന പദ്ധതിയ്ക്ക് മാതൃകയായി കണ്ടെത്തിയ കുന്നന്താനം പദ്ധതിക്ക് നേതൃത്വം നൽകിയ പൂർവ്വവിദ്യാർത്ഥി എം.ജി. ദിലീപിനെ അനുമോദിക്കാൻ ചേർന്ന യോഗശേഷം മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, പഠിതാക്കൾ എന്നിവരോടൊപ്പം**

**പ്രാക്ടിക്കൽ**

2018 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്.സി. അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ ആന്റ് ബി.എഫ്.റ്റി. (സി.ബി.സി.എസ്.എസ്. 2015 അഡ്മിഷൻ റഗുലർ/2013 - 2014 അഡ്മിഷൻ സപ്ലിമെന്ററി/റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 3 മുതൽ വിവിധ കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2018 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്.സി. മാത്തമാറ്റിക്സ് (2017 അഡ്മിഷൻ റഗുലർ & 2013 - 2016 അഡ്മിഷൻ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) വൊക്കേഷണൽ മോഡൽ 2 (കമ്പ്യൂട്ടർ സയൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 3, 4, 5, 6 തീയതികളിൽ വിവിധ കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

ആറാം സെമസ്റ്റർ ബി.എ. - അനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ, മൾട്ടിമീഡിയ, വിഷ്വൽ ആർട്സ്, വിഷ്വൽ കമ്മ്യൂണിക്കേഷൻ, അനിമേഷൻ ആന്റ് വിഷ്വൽ ഇഫക്ട്സ്, ഓഡിയോഗ്രഫി ആന്റ് ഡിജിറ്റൽ എഡിറ്റിംഗ് (യു.ജി. 2015 അഡ്മിഷൻ റഗുലർ/2013-14 അഡ്മിഷൻ സപ്ലിമെന്ററി/റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 2 മുതൽ വിവിധ കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**അപേക്ഷാ തീയതി**

മൂന്നാം സെമസ്റ്റർ എം.എസ്.സി. മെഡിക്കൽ ഡോക്യുമെന്റേഷൻ (2016 അഡ്മിഷൻ റഗുലർ), മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് (മെഡിക്കൽ ഡോക്യുമെന്റേഷൻ - പഴയ സ്കീം 2009 - 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ 13ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 28 വരെയും 50 രൂപ പിഴയോടെ 31 വരെയും 500 രൂപ സൂപ്പർഫൈനോടെ ഏപ്രിൽ 2 വരെയും സ്വീകരിക്കും.

**പരീക്ഷാഫലം**

2017 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്ററും മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്ററും എം.എസ്.സി. ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് ഏപ്രിൽ 9 വരെ അപേക്ഷിക്കാം.

2017 ഏപ്രിൽ മാസം നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് ഏപ്രിൽ 9 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**